

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

## *Laity Reflect on* Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ശ്ലീഹാ ഒന്നാം ഞായർ

2022 ജൂൺ 5



# ആശ്വാസമാകുന്ന നിശ്വാസം

ഉത്പ 2:1-8, അപ്പ 2:1-21, യോഹ 20:19-23

'എല്ലാ മനുഷ്യരും സമാധാനത്തോടെ ജീവിക്കുന്നത് സങ്കൽപ്പിക്കുക.

ഞാൻ ഒരു സ്വപ്ന ജീവിയാണെന്നു നിങ്ങൾ പറഞ്ഞേക്കാം.

പക്ഷേ, ഞാൻ മാത്രമല്ല,

എന്നെങ്കിലുമൊരിക്കൽ നിങ്ങളും എനിക്കൊപ്പം ചേരുമെന്നും

ലോകം ഒന്നാകുമെന്നും ഞാൻ പ്രത്യാശിക്കുന്നു'

-ജോൺ ലെനൻ

ഉപേക്ഷിച്ചവരെയും തള്ളിപ്പറഞ്ഞവരെയും തേടി ഉത്ഥിതനിതാ കടന്നു വരുന്നു. ഭയവും നിരാശയും തളംകെട്ടി നിൽക്കുന്ന അടച്ചിട്ട മുറിയിലേക്കാണ് അവന്റെ രംഗപ്രവേശം. അവരുടെ മദ്ധ്യേ നിന്ന് കൊണ്ടവൻ അരുളിച്ചെയ്തു, "നിങ്ങൾക്ക് സമാധാനം."

ഏതൊരു ഭവനത്തിൽ പ്രവേശിക്കുമ്പോഴും ആദ്യം അതിന് സമാധാനം ആശംസിക്കണമെന്ന അവന്റെ തന്നെ ആഹ്വാനത്തിന്റെ കൃത്യമായ പ്രയോഗം.

സമാധാനത്തിന്റെ സുവിശേഷവുമായിട്ടാണ് ക്രിസ്തു ഈ ഭൂമിയിലേക്ക് വന്നത്. 'ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം' എന്നതായിരുന്നു അവന്റെ പിറവിയിൽ പാരിലെങ്ങും അലയടിച്ച സ്വർഗീയ ഗീതം. അവൻ നടത്തിയ ദൗത്യ പ്രഖ്യാപനത്തിന്റെയും നടപ്പിലാക്കാൻ പോകുന്ന അന്ത്യവിധിയുടെയും അടിസ്ഥാനം മനുഷ്യരുടെ സംരക്ഷണവും സൗഖ്യവും സമാധാനവും തന്നെ. ഏതൊരു സൗഖ്യ ശുശ്രൂഷകൾ ക്കൊടുവിലും അവന്റെ ആശംസ സമാധാനത്തിൽ പോകുവിൻ എന്നതായിരുന്നു. സമാധാനം സ്ഥാപിക്കുന്നവർ ദൈവ പുത്രരെന്നു വിളിക്കപ്പെടും എന്നതായിരുന്നു ലോകത്തിനു അവൻ നൽകിയ ഉറപ്പാർന്ന സൗഭാഗ്യങ്ങളിൽ ഒന്ന്.

സ്വജീവിതത്തിലാകട്ടെ കൊടുങ്കാറ്റിനു നടുവിലും അവൻ ശാന്തനായിരുന്നു. പടയാളികൾ ചുറ്റും വളഞ്ഞപ്പോഴും സങ്കല്പിക്കാനാവാത്ത പീഡാ സഹനങ്ങളിലൂടെ കടന്നു പോയപ്പോഴും അവൻ ശാന്തത കൈവിട്ടില്ല. വാൾ ഒന്നിനും പരിഹാരമാകില്ലെന്ന് സംഘർഷങ്ങൾക്കു നടുവിലും അവൻ ഓർമിപ്പിച്ചു. വിശ്വസമാധാനത്തിലേക്കുള്ള ഉറപ്പായ പാത ശത്രു സ്നേഹമാണെന്ന് സ്വജീവിതം കൊണ്ട് അവൻ തെളിയിച്ചു.



വിജയ് പി ജോയ്

ജീവതത്തിലുടനീളം ശാന്തിയിൽ വ്യാപാരിക്കാനും ശാന്തത പ്രദാനം ചെയ്യാനുമായിരുന്നു ക്രിസ്തു ശ്രമിച്ചത്. മടങ്ങി പോകുമ്പോൾ അവൻ ശിഷ്യർക്കായി ഒരുക്കി വയ്ക്കുന്ന രണ്ട് സമ്മാനങ്ങളിൽ ഒന്ന് ഈ ശാന്തിയും മറ്റൊന്ന് അവന്റെ ആത്മാവുമാണ്.

വലിയ ദുഃഖ ദുരിതങ്ങൾക്ക് നടുവിലും ദൈവം അരികിലുണ്ടെന്ന വിശ്വാസവും പ്രത്യാശയുമാണ് സമാധാനം. ആ ദൈവത്തിന്റെ ആത്മാവ് എന്നും ഉള്ളിലുണ്ടാകുമെന്ന ഉറപ്പാണ് പന്തക്കുസ്ത.

## വിശാലതയിലേക്ക് വിടരാൻ ഒരു വിത്ത്

'നക്ഷത്രങ്ങൾക്കും അപ്പുറത്തേക്ക് ഭാവനകളെയും ലക്ഷ്യങ്ങളേയും കൊണ്ടു പോകേണ്ടവരാണ് ക്രിസ്ത്യാനികൾ'- ഫ്രാൻസിസ് ഷെഫേർ

സഭയുടെ പിറന്നാളാണ് പന്തക്കുസ്ത. അടച്ചിട്ട മുറിയിലായിരുന്നു ശിഷ്യരുടെ ഒത്തുചേരലുകളെങ്കിലും ഉത്ഥിതൻ പ്രത്യക്ഷനായതും പരിശുദ്ധാത്മാവ് ആഗതമായതുമൊക്കെ അടഞ്ഞ വാതിലുകളെ ഭേദിച്ചായിരുന്നു. വിശാലമായ ലോകത്തിന്റെ അതിരുകളിലേക്കുള്ള ക്ഷണം കൂടിയായിരുന്നു അത്. സഭയെ സംരക്ഷിക്കാനും വരദാന ഫലങ്ങളാൽ സമ്പുഷ്ടമാകാനും ദൈവത്തിന്റെ ആത്മാവ് ലോകാവസാനത്തോളം സഭയ്ക്കൊപ്പം ഉണ്ടാകുമെന്ന വാഗ്ദാനവും ക്രിസ്തു അവർക്ക് നൽകുന്നുണ്ട്.

ജാതി-മത-വർണ്ണ-വർഗ്ഗ-ദേശങ്ങൾക്കുമുപരിയായ വിശാല ചിന്തകളും വലിയ സ്വപ്നങ്ങളും പങ്കുവയ്ക്കപ്പെടുന്ന ഒരിടമായി സഭ വളർന്നു വികസിക്കണം എന്നതായിരുന്നു ക്രിസ്തുവിന്റെ സ്വപ്നം. പന്തക്കുസ്താനാളിലെ പത്രോസിന്റെ പ്രസംഗം എല്ലാവർക്കും തങ്ങളുടെ മാതൃഭാഷയിൽ മനസിലാക്കാനായി എന്നത് ക്രിസ്തു ആഗ്രഹിക്കുന്ന സാർവ്വജനീന ഭാവത്തിന്റെ തെളിവാണ്. യഹൂദ വംശത്തിനു പുറത്തുള്ളവരെ തേടി പോകാൻ പൗലോസ് തയ്യാറായതും ഇതിന്റെ തുടർച്ചയാണ്. സമീപസ്ഥരായ ഞങ്ങളോടും വിദൂരസ്ഥരായ നിങ്ങളോടും ക്രിസ്തു സമാധാനത്തിന്റെ സുവിശേഷം പ്രസംഗിച്ചു എന്നതായിരുന്നു അവന്റെ സാക്ഷ്യം.

ആ ആദിമ ചൈതന്യത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ടു അന്യമത സ്ഥരോട് കൂട്ടുകൂടരുതെന്നും സാധിക്കുന്ന സാഹചര്യങ്ങളിലെല്ലാം അവരിൽ നിന്നും അവരുടെ സേവനങ്ങളിൽ നിന്നു പോലും അകന്ന് നിൽക്കണമെന്നും അവരെ എങ്ങനെയെല്ലാം ഒറ്റപ്പെടുത്താമോ അതിനായുള്ള ശ്രമങ്ങൾ ഉണ്ടാകണമെന്നും വചനവേദികളിൽ നിന്നു പോലും ആഹ്വാനങ്ങൾ ഉയരുകയും, ഇടവകകളിലും പ്രാർത്ഥനാ കൂട്ടായ്മകളിലും മാത്രമായി നമ്മുടെ വിശ്വാസ പ്രഘോഷണങ്ങൾ ഒതുങ്ങുകയും ചെയ്യുമ്പോൾ, സഭ എങ്ങനെ ലോകത്തിന്റെ വിശാലതയിലേക്ക് വിടർന്ന്, ക്രിസ്തുവിന്റെ പരിമളമായി മാറുമെന്നത് ഉത്തരം കിട്ടാത്ത ചോദ്യമായി അവശേഷിക്കുന്നു. അപ്പോഴും സഭാസംവിധാനങ്ങളിലും സ്ഥാപനങ്ങളിലും അടച്ചുപൂട്ടി അവ നൽകുന്ന സുരക്ഷിതത്വത്തിലും അവയ്ക്കുള്ളിലെ നിയമപാലനത്തിലും മാത്രം ശ്രദ്ധിച്ചു ജീവിക്കാനാണ് സഭാനേതൃത്വം ശ്രമിക്കുന്നതെന്നത് കാര്യങ്ങളെ കൂടുതൽ വഷളാക്കുന്നു.

ഒഴുക്കില്ലാത്ത ജലം മലിനമാകും പോലെ വർത്തമാന സഭയിൽ മാലിന്യങ്ങളേറി വരുകയാണ്, പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ദൈവത്തിന്റെ ആത്മാവിനെ സ്വീകരിച്ചവരാണ് തങ്ങളുടേതായ ദേശത്തിന്റെയും സമുദായത്തിന്റെയും പാരമ്പര്യത്തിന്റെയുമൊക്കെ വേലിക്കെട്ടുകൾക്കുള്ളിൽ കഴിഞ്ഞു കൂടാൻ ആഗ്രഹിക്കുകയും വാശി പിടിക്കുകയും ചെയ്യുന്നത് എന്നത് പരിതാപകരമായ വസ്തുതയാണ്. എന്റെ ഭവനം സകല മനുഷ്യർക്കുമുള്ള പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടണമെന്ന ക്രിസ്തുവിന്റെ രക്ഷാകര പദ്ധതിയുടെ കടയ്ക്കലാണ് വർത്തമാന സഭ കത്തി വയ്ക്കുന്നത്. പന്തക്കുസ്താ, ആത്മാവിന്റെ ആഘോഷം മാത്രമല്ല, ആത്മശോധനയ്ക്കുള്ള അവസരവും കൂടിയാകട്ടെ.

'വിശാലമായ ഇടങ്ങളിലേക്ക് നോക്കിയിരുന്നാൽ ആത്മാവിനു ചിറക് മുളയ്ക്കും'- പൗലോ കൊയ്ലോ.

## സമാധാന കൂടാരം

AD 404 ലായിരുന്നു അത്. തിങ്ങി നിറഞ്ഞ ആംഫി തീയേറ്ററിന് നടുവിൽ പരസ്പരം കൊല്ലാൻ തയ്യാറായി നിൽക്കുന്ന ഗ്ലാഡിയേറ്ററുമാരുടെ ഇടയിലേക്ക് സഹോദരർക്കിടയിൽ കലഹമരുതെന്നും മനുഷ്യർ പരസ്പരം ഇങ്ങനെ കൊന്നു തള്ളുന്നത് നിർത്തലാക്കൂ എന്നും വിളിച്ചു പറഞ്ഞു കൊണ്ട് ഒരു വൃദ്ധൻ ചാടി വീണു. ആജ്ഞാപിച്ചിട്ടും പിടിച്ചുമാറ്റിയിട്ടും തന്റെ ഉദ്യമത്തിൽ നിന്നും പിന്മാറാത്ത രസം കൊല്ലിയായ ആ മനുഷ്യനെ വധിച്ചു കളയാൻ ദേശാധിപതി ഉത്തരവായി. വാളൊന്നു മിന്നി മറഞ്ഞപ്പോൾ ആ വയോധികന്റെ സ്വരത്തോടൊപ്പം, ആർത്തു വിളിച്ചിരുന്ന ജനക്കൂട്ടവും നിശബ്ദരായി. പിന്നീടോരോരുത്തരും താന്താങ്ങളുടെ ഇരിപ്പിടം വിട്ടു എഴുന്നേറ്റു പോയി. അന്നങ്ങനെ മറ്റൊന്ന് കൂടി സംഭവിച്ചു. കൊളോസിയത്തിലെ മനുഷ്യക്കുരുതികൾക്ക് വിരാമമായി.

മനുഷ്യർക്കിടയിൽ സാഹോദര്യവും സമാധാനവും ഉറപ്പാക്കേണ്ടത് ക്രിസ്ത്യാനികളുടെ ദൗത്യമാണെന്ന് തിരിച്ചറിഞ്ഞ് അതിനു വേണ്ടി ജീവൻ ബലി നൽകിയ ആ വന്ദ്യ വയോധികനായ വി. ടെലിമാക്കൂസിനെ സഭ ഓർമ്മിക്കുന്നത് സമാധാന ദിനമായ ജനുവരി 1 നാണ്.

നിങ്ങൾക്ക് സമാധാനം എന്ന ആശംസയ്ക്കൊപ്പമാണ് ഞാൻ നിങ്ങളെ അയക്കുന്നു എന്ന ദൗത്യവും ക്രിസ്തു ശിഷ്യരെ ഭരമേല്പിക്കുന്നത്. ലോകമെങ്ങും സമാധാനത്തിന്റെ സുവിശേഷ വാഹകരാകാനുള്ള വിളിയാണത്. ആരും വിശക്കരുത്, ദാഹിക്കരുത്, അഭയാർഥികളാകരുത്, അപമാനിതരും ഏകാകികളുമാകരുത്, രോഗ പീഡകളാൽ ദുരിതമനുഭവിക്കരുത് എന്നൊക്കെ ഉറപ്പിക്കാനുള്ള ചുമതലയും സഭയെ ആണ് അവൻ ഏൽപ്പിച്ചിരിക്കുന്നത്. അന്ത്യവിധിയിലെ അവന്റെ ചോദ്യവും അതിനെപ്പറ്റി മാത്രമായിരിക്കും. സമരിയാക്കാരന്റെ ഉപമയിലേതു പോലെ ക്രിസ്തുവിന്റെ രണ്ടാം വരവോളം മനുഷ്യർക്ക് സൗഖ്യവും സാന്ത്വനവും നൽകുന്ന ആതുരാലയമാകണം സഭ. സകല മനുഷ്യർക്കുമുള്ള പ്രാർത്ഥനാലയം

മാത്രമല്ല, ശരണാലയമായി കൂടി പരിണമിക്കേണ്ടതുണ്ട് ദൈവത്തിന്റെ സ്വന്തമെന്ന് അവകാശപ്പെടുന്ന സഭ.

ഈ ദൗത്യത്തെപ്പറ്റി കൃത്യമായ ബോധ്യമുള്ളതിനാലാണ് എല്ലാവരും സോദരരാണെന്നും, അഭയാർത്ഥികളെ സ്വീകരിക്കാൻ മടിക്കരുതെന്നും, യുദ്ധം മാനവരാശിയുടെ പരാജയമാണെന്നുമൊക്കെയുള്ള ഓർമ്മപ്പെടുത്തലുകൾ പുതിയകാല ഫ്രാൻസിസിൽ നിന്നും നിരന്തരം ഉയരുന്നത്. പഴയ ഫ്രാൻസിസിന്റെ പാതയും വ്യത്യസ്തമല്ലായിരുന്നു. 'ദൈവമേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണമാക്കി മാറ്റണമേ' എന്നതായിരുന്നു അവന്റെ നിരന്തര പ്രാർത്ഥന. അസ്സിസിയിൽ സംഭവിച്ചതുപോലെ, പ്രാർത്ഥനയോടെ സ്നേഹപൂർവ്വം ഓരോ കല്ലും ചേർത്തുവച്ച് പള്ളിയെ പുതുക്കി പണിതത് പോലൊരു പുതുക്കൽ ഇന്നത്തെ സഭയിലും സംഭവിക്കേണ്ടതുണ്ട്. ഓരോരുത്തർക്കും അവരവരുടെ വൈവിധ്യങ്ങളോടും പരുക്കുകളോടും കൂടെ ചേർന്നിരിക്കാനും സ്വതന്ത്രമായി വ്യാപാരിക്കാനുള്ള അവസരവും അവകാശവും ഒരുക്കുന്ന ഒരു നവീകരണം. അത് സാധ്യമായാൽ നിങ്ങൾക്ക് സമാധാനമെന്ന് അതിന്റെ പൂർണമായ അർത്ഥത്തിൽ എല്ലാക്കാലത്തും എല്ലാവരോടും സഭയ്ക്ക് ആശംസിക്കാനാകും. 'ഐക്യത്തിന്റെ നിദാനമായ പരി.ആത്മാവേ, അകന്നു പോയവരെ അടുപ്പിക്കുകയും ഭിന്നതകൾ അകറ്റുകയും ചെയ്യണമേ' എന്ന പ്രാർത്ഥന അങ്ങനെ യാഥാർഥ്യവുമാകും.

## സമാധാന ദൗത്യം

'കാട്ടുപ്പൂക്കളെ പോലെ
സമാധാനം വിരിയട്ടെ.
ഉന്മത്തമായ സമാധാനം.
ഭൂമിക്കത് അനിവാര്യമായിരിക്കുന്നു'
-യഹൂദ അമിഷായി



സമാധാനം സംസ്ഥാപിതമാക്കുക എന്ന ദൗത്യത്തെ, അതിർത്തികളിലെ സംഘർഷങ്ങൾ, പുതിയതായി രൂപപ്പെടുന്ന സൈനീക സഖ്യങ്ങൾ, വർദ്ധിച്ചു വരുന്ന തീവ്രവാദ പ്രവർത്തനങ്ങൾ, വർഗീയ ലഹളകൾ എന്നിവയെയൊക്കെ ഉൾക്കൊള്ളുന്ന ഒരു വലിയ ഫ്രെയിമിൽ നിന്ന് കൊണ്ട് മാത്രം നോക്കി കാണേണ്ടതില്ല. ആളോഹരി വരുമാനത്തിൽ നിന്നും ആളോഹരി ആനന്ദം എന്ന പുത്തനാശയത്തിലേക്ക് രാജ്യങ്ങൾ വഴി മാറുമ്പോൾ സമാധാനമാണ് ആധുനിക മനുഷ്യൻ ആത്യന്തികമായി തേടുന്നതെന്ന സത്യം വെളിപ്പെട്ടു കിട്ടും. അപ്പോൾ സമാധാന ദൂതരാകാനുള്ള വഴികളും നിരവധിയാണെന്ന വെട്ടം തെളിയും.

5 G യുടെ വേഗത്തിനൊപ്പം കുതിക്കാൻ വെമ്പുന്ന ലോകത്തിൽ കുടുംബാംഗങ്ങളോടൊപ്പം കുറച്ചു സമയം ഒന്ന് വെറുതെ ഇരുന്നും, ആരും എന്നെ മനസിലാക്കുന്നില്ലെന്ന് പരിഭവപ്പെടുന്ന സുഹൃത്തിനെ ഒന്ന് കേൾക്കാൻ തയ്യാറായും, സിലബസ്സിന്റെ ചട്ടക്കൂട്ടിൽ തളച്ചിടപ്പെടുന്ന ക്ലാസ് മുറികളിൽ ഒരല്പം കളിക്കും ചിരിക്കുമുള്ള സ്വാതന്ത്ര്യം അനുവദിച്ചും ആഘോഷങ്ങൾക്കായി ചെലവിടുന്നതിൽ നിന്നും അപരന്റെ അന്നത്തിനായി കുറച്ചൊന്നു നീക്കി വയ്ക്കാൻ തയ്യാറായും, ചോര ചിന്തുന്ന ഭൗതീക ഇടപെടലുകൾക്ക് വിത്ത് പാകുന്ന സൈബർ ഇടങ്ങളിൽ സ്നേഹത്തെയും മാനവികതയെയുംപ്പറ്റി രണ്ട് വരി കുറിച്ചും, അപമാന-വിദ്വേഷ പോസ്റ്റുകൾക്ക് ഷെയർ ബട്ടൺ അമർത്താതിരുന്നും, അനീതിയും അഴിമതിയും വേരോട്ടം നടത്തുമ്പോൾ പ്രതിരോധത്തിന്റെ ചില കൊച്ചു ഇടപെടലുകൾ നടത്തിയും, അധികാരങ്ങളോട് കലഹിക്കുന്നത് ദൈവത്തിനെതിരെയുള്ള വെല്ലുവിളിയാണെന്ന് പറഞ്ഞു പ്രതികരണങ്ങളെ അടിച്ചമർത്തുമ്പോൾ ചില ത്യാഗങ്ങൾ ഏറ്റെടുത്ത് സത്യത്തിനു വേണ്ടി നിലകൊണ്ടും, പ്രകൃതിക്കിണങ്ങിയചില ലളിത ജീവിത മാതൃകകൾ പിഞ്ചെന്നും മുന്നോട്ട് പോകാൻ തയ്യാറായാൽ സമാധാനം പൂക്കുന്ന താഴ്വരകളായി ദേശങ്ങൾ രൂപാന്തരപ്പെടും. പന്തക്കുസ്താ ദിനത്തിലെ ജെറുസലേം നഗരം പോലെയാകും നമ്മുടെ പരിസരങ്ങൾ. ഒരു ദീർഘ നിശ്വാസത്തിന്റെ പോലും അർത്ഥം മനസിലാക്കുന്ന സ്നേഹമുള്ളൊരു മനസ്സും ദൈവത്തിന്റെ രക്ഷയെ കാംക്ഷിക്കുന്ന അനുതാപമുള്ളൊരു ഹൃദയവും എല്ലാവർക്കും അവിടെ സ്വന്തമായിരിക്കും. അപ്പോൾ പ്രത്യാശയുടെ പുതുനാമ്പുമായി അസമാധാനത്തിന്റെ കാർമേഘങ്ങളെ കീറി മുറിച്ച് ആ വെള്ളരിപ്രാവ് പറന്നിറങ്ങി വരും. എനിക്കുറപ്പാണ് അത് ജോർദാനിൽ അന്ന് പറന്നിറങ്ങിയ ആ തൂവെള്ള പ്രാവ് തന്നെയായിരിക്കും....

എല്ലാവർക്കും സമാധാനം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com